# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1762** **04.12.2018 ൽ മറുപടിയ്ക്ക്**

## നവകേരള നിർമ്മിതിക്കായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
|---|---|
| (എ) പ്രളയാനന്തര നവകേരളം നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്ന് വിശദീകരിക്കാമോ; | (എ) പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർ നിർമ്മാണ പ്രവൃത്തികളും മെയിന്റെനൻസ് പ്രവൃത്തികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനായി പദ്ധതി ഭേദഗതിക്ക് അനുമതി നൽകുകയും അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.<br>പശ്ചാത്തലമേഖലയിൽ റോഡുകളുടെ പുനസ്ഥാപനവും അറ്റകുറ്റപ്രവൃത്തിയും കൂടാതെ പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വനവത്കരണത്തിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി 2019-2020 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നഗരസഭകൾ സ്വീകരിച്ചു വരുന്നു. PMAY, LIFE പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ആവശ്യമായ പദ്ധതികൾ 2019-2020 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കി വരുന്നു.<br>മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകുന്നുണ്ട്. കൂടാതെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർനിർമ്മാണത്തിനും ഉള്ള പ്രോജക്ടുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉയർന്ന പരിഗണന നൽകുന്നു. |
| (ബി) ഒറ്റപ്പാലം മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനർ നിർമ്മിതിക്കായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മിതിക്കായി 24 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.<br>അമ്പലപ്പാറ – 1.2 കോടി,<br>കടമ്പഴിപ്പുറം - 3.5 കോടി,<br>കരിമ്പുഴ – 1.4 കോടി,<br>ലെക്കിടി-പേരൂർ - 5.6 കോടി,<br>പൂക്കോട്ടുകാവ് - 4.3 കോടി,<br>ശ്രീകൃഷ്ണപുരം - 4.3 കോടി,<br>തച്ചനാട്ടുകര – 3.7 കോടി രൂപ |

സെക്ഷൻ ഓഫീസർ

Y